**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1948**

11.02.2020 ൽ മറുപടിയ്ക്ക്

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി ) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് 2015 ലെ വോട്ടർപട്ടിക ആധാരമാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. വോട്ടർപട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ് എന്നതിനാൽ സർക്കാർ ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| (ബി) | എങ്കിൽ ഇതുവഴി 2019 ലെ ലോക് സഭാ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിയിൽ ഉണ്ടായിരുന്ന പത്തുലക്ഷത്തിലധികം വോട്ടർമാർക്ക് സമ്മതിദാന അവകാശം നഷ്ടപ്പെടാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. | (ബി) | 2015 ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച വോട്ടർ പട്ടികയും മറ്റ് വാർഡുകളിൽ 2015 ലെ പൊതുതിരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടർ പട്ടികയും 2020 ജനുവരി 20 ന് കരടായി പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിച്ച് വരുന്നു. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക വാർഡ് പുനർവിഭജനത്തിന് ശേഷം പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുനക്രമീകരിച്ച് വീണ്ടും കരടായി പ്രസിദ്ധീകരിക്കും. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | 2020 ലെ പൊതു തിരഞ്ഞെടുപ്പ് നടത്താനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അർഹരായ വോട്ടർമാർക്ക് പ്രസ്തുത വോട്ടർപട്ടികയിൽ പേര് ചേർക്കുവാൻ അവസരമുള്ളതിനാൽ സമ്മതിദാന അവകാശം നഷ്ടപ്പെടുന്ന സാഹചര്യമില്ല. |
| (സി) | 2019 ൽ തയ്യാറാക്കിയിട്ടുള്ള വോട്ടർപട്ടികയ്ക്ക് പകരം 2015 ലെ വോട്ടർപട്ടിക ഉപയോഗിയ്ക്കുന്നത് വഴി എന്തെല്ലാം അധികബാധ്യത സർക്കാരിന് ഉണ്ടാകുമെന്നാണ് കരുതപ്പെടുന്നത്; | (സി) & (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇതുവഴി എന്തെല്ലാം ബുദ്ധിമുട്ടുകളാണ് വോട്ടർമാർക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാകാനിടയുള്ളത്; വിശദവിവരം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ